മി. സ്പീക്കർ : ചോദ്യം നമ്പർ. *243.

**പൊതുമേഖലാ വ്യവസായ രംഗത്ത് ഉണ്ടായിട്ടുള്ള പുരോഗതി**

3 (*243) ശ്രീ. സാജു പോൾ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമേഖലാ വ്യവസായ രംഗത്ത് ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) മാനേജ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളിൽ പുതുതായി എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഇ) ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും തൊഴിലാളികളുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(എഫ്) പൊതുമേഖലാ സ്ഥാപനങ്ങളിലെ ശമ്പളപരിഷ്കരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : സർ,

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ (2005-06 സാമ്പത്തിക വർഷം) വ്യവസായ വകുപ്പിന്റെ അധീനതയിൽ 31 പൊതുമേഖലാ സ്ഥാപനങ്ങളാണ് നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നത്. കഴിഞ്ഞ സാമ്പത്തികവർഷം അത് 5 ആയി കുറഞ്ഞിട്ടുണ്ട്. കഴിഞ്ഞ നാല് വർഷത്തെ പ്രവർത്തനത്തിന്റെ അവലോകനം അനുബന്ധം-I ആയി ചേർത്തിരിക്കുന്നു. †

ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തം നഷ്ടം 69.45 കോടി രൂപയായിരുന്നു. എന്നാൽ 2009-10 സാമ്പത്തിക വർഷത്തെ അവലോകന റിപ്പോർട്ട് പ്രകാരം സ്ഥാപനങ്ങളുടെ മൊത്തം ലാഭം 239.75 കോടി രൂപയായി ഉയർത്തുവാൻ സാധിച്ചു.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു. †

† അനുബന്ധം I, II,



LIBRARY ARCHIVES Kerala Legislative Assembly

(സി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമർത്ഥരായ ചീഫ് എക്സിക്യൂട്ടീവുമാരെ സുതാര്യമായ നടപടി ക്രമങ്ങളിലൂടെ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ സമർത്ഥരായവരെ ലഭിക്കുന്ന തിനായി പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികളുടെ ശമ്പളം കാറ്റഗറി അനുസരിച്ച് വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കമ്പനികളുടെ ഡയറക്ടർ മാരായി വിദഗ്ദ്ധരായവരെ നിയമിക്കുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

(ഡി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2006-07 മുതൽ 5850-ൽ അധികം തൊഴിലവസരങ്ങ ളുണ്ടായിട്ടുണ്ട്.

കൂടാതെ വ്യവസായ വകുപ്പിന്റെ അധീനതയിൽ പുതുതായി ആരംഭിച്ച ഉൽപ്പാദന യൂണിറ്റുകളിലേക്കും വിപുലീകരണ പദ്ധതികൾക്കുമായി 1919 പേരെ നിയമിക്കുന്നതിനുള്ള സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സുതാര്യമായ നടപടിക്രമങ്ങളിലൂടെ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങ ളിലെ ഉൽപ്പാദനക്ഷമതയും ഉൽപ്പന്നങ്ങളുടെ ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിന് തൊഴിലാളി സംഘടനകളുമായി കരാറുണ്ടാക്കുവാൻ അതാത് സ്ഥാപനങ്ങളുടെ മാനേജ്മെന്റ് തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ എല്ലാ അംഗീകൃത ട്രേഡ് യൂണിയൻ പ്രതിനിധികളെയും സംസ്ഥാനതല ട്രേഡ് യൂണിയൻ നേതാക്കളെയും പങ്കെടുപ്പിച്ചുകൊണ്ട് പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ചും സർക്കാർ സ്വീകരിച്ചുവരുന്ന നടപടികളെ സംബന്ധിച്ചുമുള്ള മീറ്റിംഗുകൾ സംഘടിപ്പിക്കുകയും സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് മീറ്റിംഗിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളും സർക്കാർ പരിഗണിച്ചുവരുന്നു.

(എഫ്) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയ ശമ്പളപരിഷ്കരണത്തിന്റെ വിവരം അനുബന്ധം III ആയി ചേർത്തിരിക്കുന്നു. †

ശ്രീ. സാജു പോൾ : സർ, നെഹ്രുവിയൻ സോഷ്യലിസ്റ്റ് ക്ഷേമരാഷ്ട്രസങ്കൽപ്പം അന്വർത്ഥമാക്കുമാറ് പൊതുമേഖലയെ മാതൃകാപരമായി വികസിപ്പിച്ച് സംരക്ഷിച്ച ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത് സമാന സ്വഭാവമുള്ള സ്ഥാപനങ്ങളുടെ പുനഃസംഘാടനം അതുപോലെ ഏകോപനം എന്നിവയെ സംബന്ധിച്ചാണ്. ഇപ്പോൾ ഇലക്ട്രിക്കൽ കമ്പനികൾ, കെമിക്കൽ കമ്പനികൾ തുടങ്ങി ഒരേ സ്വഭാവമുള്ളവ നിരവധിയുണ്ട്.

†അനുബന്ധം III,

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ ആ പുനഃസംഘാടനത്തിന്റെ പ്രശ്നവും പെരുമ്പാവൂരിലെ ട്രാവൻകൂർ റയോൺസ് ഒരു വൈജ്ഞാനിക വ്യവസായങ്ങളുടെ കേന്ദ്ര മാക്കുമെന്നും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചിട്ടുണ്ട്. അവിടത്തെ തൊഴിലാളികളുടെ ആദ്യഗഡു ആനുകൂല്യങ്ങൾ കൊടുത്തു. ബാക്കി കൂടി നൽകാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എളമരം കരീം : സർ, സമാനസ്വഭാവമുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ സംയോജിപ്പിക്കുകയെന്നത് ഒരു നല്ല ആശയമാണ്. സീതാറാം ടെക്സ്റ്റൈൽസിനെ ടെക്സ്റ്റൈൽ കോർപ്പറേഷനുമായി ലയിപ്പിക്കുന്നു. കെ.എം.എം.എൽ-ഉം റ്റി.സി.സി.യും തമ്മിലൊരു ഇന്റഗ്രേഷൻ ആലോചിച്ചു കൊണ്ടിരിക്കുകയാണ്. ഇലക്ട്രിക്കൽ കമ്പനികളെയും ഇതുപോലെ യോജിപ്പി ക്കാനുള്ള ഒരു നിർദ്ദേശം സർക്കാർ പരിഗണിച്ചുവരികയാണ്. ട്രാവൻകൂർ റയോൺസിലെ ജീവനക്കാരുടെ പ്രശ്നത്തിൽ കമ്പനി ഏറ്റെടുക്കുന്നതിനുള്ള ഓർഡിനൻസ് രാഷ്ട്രപതിയുടെ അംഗീകാരം കിട്ടിയാൽ ഉടൻതന്നെ ആനുകൂല്യങ്ങൾ സെറ്റിൽ ചെയ്ത് നൽകുന്നതാണ്.

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, പുതുതായി ആരംഭിക്കാൻ തീരുമാനിച്ച പൊതുമേഖലാ കമ്പനികളുടെ പ്രവർത്തനം ഒന്നിന്റെ ഉദ്ഘാടന ചടങ്ങിൽ ഞാനും പങ്കെടുത്തിരുന്നു . അതിന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; അതിന്റെ പുരോഗതി വ്യക്തമാക്കുമോ?

ശ്രീ. എളമരം കരീം : സർ, കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 8 പൊതുമേഖലാ സ്ഥാപനങ്ങളിൽ 7 എണ്ണവും പ്രവർത്തനക്ഷമമായിക്കഴിഞ്ഞു. മാർച്ച് 12-നാണ് എട്ടാമത്തേത് കമ്മീഷൻ ചെയ്യാൻ പോകുന്നത്. ഇതെല്ലാം കമേഴ്സ്യൽ പ്രൊഡക്ഷൻ ആരംഭിക്കുന്ന ഘട്ടത്തിലാണ് .

ശ്രീ. സി. കെ. പി. പത്മനാഭൻ: സർ, 2001 മുതൽ 2006 വരെ കേരളത്തിൽ പൊതുമേഖലാ വ്യവസായസ്ഥാപനങ്ങൾ നടപ്പാക്കിയ നയമാണ് പുറത്തേക്ക് പോകാനുള്ള വഴി, സ്വർണ്ണഹസ്തദാനം, സ്വയം പിരിഞ്ഞു പോകാനുള്ള പ്രോത്സാഹനം തള്ളാനും കൊള്ളാനുമുള്ള അധികാരം ഇവയൊക്കെ. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ നയത്തിൽ സ്വീകരിച്ച നടപടിയെന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. എളമരം കരീം : സർ, പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്ന് വി.ആർ.എസ്.വഴി തൊഴിലാളികളെ പിരിച്ചുവിടലും തൊഴിലാളികളുടെ എണ്ണം കുറയ്ക്കലുമെല്ലാം ഈ സർക്കാർ നിറുത്തിവച്ചു. പൊതുമേഖലയെ പുനരുദ്ധരിക്കുകയും വിപുലീകരിക്കുകയും ചെയ്യുകയെന്ന നയമാണ് ഇടതുപക്ഷജനാധിപത്യമുന്നണി സർക്കാർ ഇതുവരെയും നടപ്പാക്കിയത്.

ശ്രീ. എ. സി. മൊയ്തീൻ : സർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ അഴിമതി തടയുന്നതിനും അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുമൊക്കെ സുതാര്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; അതു പോലെ എല്ലാ മാസങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളി

LIBRARY ARCHIVES Kerala Legislative Assembly

പ്രതിനിധികളുൾപ്പെടെ പങ്കാളികളാക്കിക്കൊണ്ടുള്ള പരിശോധന നടത്തുന്നു, വിശദീകരിക്കുന്നു എന്നിവയാണ് ഈ സർക്കാരിന്റെ നയമെന്ന് അങ്ങിവിടെ വിശദീകരിക്കുകയുണ്ടായി. മാനേജുമെന്റിൽ തൊഴിലാളി പങ്കാളിത്തം എന്ന ആശയം നടപ്പാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. എളമരം കരീം : സർ, റാ-മെറ്റീരിയൽസിന്റെ പർച്ചേസിലും വിൽപ്പനയിലും അഴിമതി തടയുന്നതിന് കർശനമായ വ്യവസ്ഥകൾ സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. അത് മാസംതോറും പരിശോധിക്കുന്ന സംവിധാനവുമുണ്ട്. മാനേജുമെന്റിൽ തൊഴിലാളി പങ്കാളിത്തമെന്ന ആശയം ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ നടപടികൾ ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, സംസ്ഥാനത്ത് കേന്ദ്ര പ്രതിരോധ വകുപ്പിന്റെ കീഴിൽ ഒട്ടനവധി പൊതുമേഖലാ സ്ഥാപനങ്ങൾ കൊണ്ടുവരുന്നതിന് അങ്ങ് ആദരണീയനായ ശ്രീ. എ. കെ. ആന്റണിയുമായി ഉണ്ടാക്കിയ സൗഹൃദബന്ധം വളരെയേറെ പ്രയോജനപ്പെട്ടുവെന്നുള്ള കാര്യം ഈ സഭയിൽ വളരെ അഭിമാനത്തോടെ പറയുകയാണ്. കേന്ദ്ര പ്രതിരോധ വകുപ്പ് നമ്മുടെ സംസ്ഥാനത്തിന് പൊതുമേഖലാസ്ഥാപനങ്ങൾ ഇനിയും നൽകുമെന്നുള്ള അറിയിപ്പ് ഒരു ഘട്ടത്തിൽ അങ്ങുതന്നെ പറയുകയുണ്ടായി. അത്തരത്തിൽ എന്തെല്ലാം പ്രൊപ്പോസലുകളുണ്ട്?

ശ്രീ. എളമരം കരീം : സർ, വേറെയും പ്രൊപ്പോസലുകളുണ്ട്. അത് വ്യക്തത വരുത്തിയതിനുശേഷം പ്രഖ്യാപിക്കുകയെന്നതാണ് ഞങ്ങൾ രണ്ടുപേരും സ്വീകരിച്ചിരിക്കുന്ന നിലപാട്. അ്തുകൊണ്ട് ഇപ്പോൾ അവ്യക്തമായ നിലയിൽ പറയാൻ സാധിക്കില്ല.

ശ്രീ. ബാബു പോൾ : സർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ശമ്പള പരിഷ്കരണ നടപടികൾ അനന്തമായി നീളുന്ന പ്രവണത ചില സ്ഥാപനങ്ങളിൽ കാണുന്നുണ്ട്. ഇപ്പോൾ ഏലൂരിലെ റ്റി.സി.സി.യിൽ കഴിഞ്ഞ 2010 മാർച്ച് മാസത്തിൽ നിലവിലുള്ള എഗ്രിമെന്റിന്റെ കാലാവധി അവസാനിച്ചതാണ്. അതിനുശേഷം ഇന്നുവരെ ചർച്ചകൾ നടക്കുന്നുവെന്നല്ലാതെ ശമ്പള പരിഷ്കരണത്തിന് ആവശ്യമായ നടപടി സ്വീകരിക്കപ്പെട്ടിട്ടില്ല. അതിന് അടിയന്തരമായ നടപടി സ്വീകരിക്കുമോ; സർക്കാർ ബന്ധപ്പെട്ടവരുമായി ഇക്കാര്യം സംബന്ധിച്ച് ചർച്ച നടത്തുമോ?

ശ്രീ. എളമരം കരീം : സർ, 25-ാം തീയതി അതുസംബന്ധിച്ച് ഒരു യോഗം ചേരുന്നുണ്ട്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണവുമായി ബന്ധപ്പെട്ട പല കാര്യങ്ങളും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇതിലെ അടിസ്ഥാനപരമായ പ്രശ്നമെന്നു പറയുന്നത് പഴയ ഉൽപ്പന്നങ്ങളിൽനിന്നും പഴയ രീതിയിൽനിന്നും വ്യത്യസ്തമായി മോഡേണൈസേഷന് കൂടുതൽ പ്രാധാന്യം നൽകുകയെന്നുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെയെങ്കിൽമാത്രമേ നിരന്തരമായി നിലനിൽക്കാൻ സാധിക്കുകയുള്ളു. അതിനുള്ള എന്തെല്ലാം പരിശ്രമമാണ് നടത്തിയിട്ടുള്ളതെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

ശ്രീ. എളമരം കരീം : സർ, സാങ്കേതികവിദ്യ കാലോചിതമായി പരിഷ്കരിക്കുകയും യന്ത്രങ്ങൾ മോഡേണൈസ് ചെയ്യുകയും ചെയ്യേണ്ടത് വളരെ അത്യാവശ്യമാണ്. വലിയ മൂലധനമുടക്ക് അതിനാവശ്യമുണ്ട്. നമ്മുടെ കഴിവിനനുസരിച്ച് മോഡേണൈസേഷൻ നടപടികൾ ഓരോ കമ്പനികളിലുമായി സർക്കാർ സ്വീകരിച്ചുവരികയാണ്. പുതിയ ബഡ്ജറ്റിൽ അതുസംബന്ധിച്ച് നിർദ്ദേശങ്ങളുണ്ട്.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ : സർ, ഇലക്ട്രോണിക് മേഖലകളിൽ അനന്തസാധ്യത മുൻനിർത്തിയാണ് കെൽട്രോൺ എന്ന സ്ഥാപനം തുടങ്ങിയത്. അത് ലക്ഷ്യത്തിലെത്തിയില്ല എന്നുമാത്രമല്ല എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നൽകുന്ന സ്കൂളുകളിൽ കമ്പ്യൂട്ടർ മുഴുവനും കെൽട്രോൺ മുഖാന്തിരം വാങ്ങുകയും inferior quality computerകളായി 6 മാസം കൊണ്ടുതന്നെ അത് തകരാറാകുകയും ചെയ്യുന്നു. അപ്പോൾ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയിട്ട് ലക്ഷ്യത്തിലെത്താതെ ഇത്തരത്തിലുള്ള ട്രേഡിംഗ് കമ്പനിയായി അധഃപതിക്കുന്നത് തടയാൻവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എളമരം കരീം : സർ, വർഷങ്ങളായി തകർന്നുപോയൊരു സ്ഥാപനമാണ് കെൽട്രോൺ. ശമ്പളപരിഷ്കരണം നൽകാതെ, കടബാദ്ധ്യതയിൽ കുടുങ്ങി പുനരുദ്ധരിക്കാനാവാതെ കിടന്നതുകൊണ്ട് സമർത്ഥരായ ഉദ്യോഗസ്ഥരും തൊഴിലാളികളും കെൽട്രോൺ വിട്ടുപോയി. ഇപ്പോൾ കടബാദ്ധ്യതയിൽനിന്ന് ആ സ്ഥാപനത്തെ മോചിപ്പിച്ച് നവീകരണത്തിനുള്ള ഒരു പദ്ധതിയിലേക്ക് പതുക്കെപതുക്കെ വന്നുകൊണ്ടിരിക്കുകയാണ്. തീർച്ചയായും കേരളത്തിന്റെ അഭിമാനമായ ഇലക്ട്രോണിക് സ്ഥാപനമെന്ന നിലയിലേക്ക് അതിനെ കൊണ്ടുവരികയെന്നതുതന്നെയാണ് ലക്ഷ്യം.

ശ്രീ. ബി. ഡി. ദേവസ്സി : സർ, കേന്ദ്രഗവൺമെന്റിന്റെ പല പൊതുമേഖലാ സ്ഥാപനങ്ങളും ഇന്ന് വേണ്ടത്ര വികസനമില്ലാത്ത സ്ഥിതിയാണ്. കേന്ദ്രഗവൺമെന്റിന്റെ ഒരുപാട് പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥലങ്ങൾ വെറുതെ കിടക്കുന്നുണ്ട്. ഈ സ്ഥലങ്ങൾ കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി ഏറ്റെടുത്ത് സംസ്ഥാനത്തിന്റെ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എളമരം കരീം : സർ, ഓരോ ആവശ്യം വരുന്ന ഘട്ടത്തിൽ അനുയോജ്യമായ കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുടെ ഭൂമി സംസ്ഥാന സർക്കാർ ആവശ്യപ്പെടാറുണ്ട്. ചില സന്ദർഭങ്ങളിൽ വിട്ടുകിട്ടുന്നുണ്ട്. വീണ്ടും ഈ ആവശ്യം ഉന്നയിക്കാവുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം I

[22-2-2011-ലെ വാങ്മൂലം ഉത്തരം നൽകിയ ചോദ്യം നമ്പർ *243 കാണുക]

### പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകനം

| Particulars | 2005-06 | 2006-07 | 2007-08 | 2008-09 | 2009-10 |
|---|---|---|---|---|---|
| PROFIT MAKING UNITS | | | | | |
| Total Number | 12 | 24 | 27 | 28 | 32 |
| Value of Production | 846.73 | 1310.65 | 1305.14 | 1547.83 | 1952.82 |
| Turnover | 868.13 | 1451.83 | 1533.66 | 1867.96 | 2130.08 |
| Profit made by the profit making units | 56.38 | 126.08 | 122.24 | 222 | 246.19 |
| LOSS INCURRING UNITS | | | | | |
| Total Number | 31 | 19 | 15 | 13 | 5 |
| Value of Production | 536.19 | 276.33 | 255.47 | 222.13 | 62.01 |
| Turnover | 654.85 | 293.91 | 277.84 | 237.05 | 60.64 |
| Loss made by the loss making units | 125.87 | 34.65 | 41.93 | 52.55 | -6.44 |
| TotalNumber of Units | 43 | 43 | 42 | 41 | 37* |
| Value of Production | 1382.92 | 1586.98 | 1560.61 | 1769.96 | 2014.83 |
| Turnover | 1522.98 | 1745.75 | 1811.5 | 2105.01 | 2190.72 |
| Net Profit/Loss(-) | (-)69.49 | 91.43 | 80.31 | 169.45 | 239.75 |

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം II

[22-2-2011 -ലെ വാങ്മൂലം ഉത്തരം നൽകിയ ചോദ്യം നമ്പർ *243 കാണുക].

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ

1. സ്ഥാപനങ്ങളുടെ നവീകരണത്തിന്റെയും, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണത്തിന്റെയും ഭാഗമായി പ്രവർത്തനമാന്ദ്യം നേരിടുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ അവയുടെ സുസ്ഥിരമായ ഭാവി ഉറപ്പിൽ വരുത്തുന്നതിലേക്കായും അവരുടെതന്നെ പ്രവർത്തന മേഖലയിൽ കഴിവു തെളിയിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സംയുക്ത സംരംഭത്തിലേർപ്പെടുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.

2. പൂട്ടിക്കിടക്കുന്നവയിൽ പുനരുദ്ധാരണത്തിന് സാധ്യമായവ തെരെഞ്ഞെടുത്ത് പുനരുദ്ധരിക്കുക.

3. വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമർത്ഥരായ ചീഫ് എക്സിക്യൂട്ടീവ്മാരെ സുതാര്യമായ നടപടിക്രമങ്ങളിലൂടെ തെരെഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ സമർത്ഥരായവരെ ലഭിക്കുന്നതിനായി പൊതുമേഖലാസ്ഥാപനങ്ങളുടെ മേധാവികളുടെ ശമ്പളം കാറ്റഗറി അനുസരിച്ച് വർദ്ധിപ്പിക്കുവാനുള്ള ഉത്തരവും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

4. വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ മാസംതോറുമുള്ള പ്രവർത്തന അവലോകന സംവിധാനം റിയാബ് മുഖേന ശക്തിപ്പെടുത്തി. ഓരോ മാസവും നടത്തുന്ന പ്രവർത്തന അവലോകനത്തിൽ കഴിഞ്ഞമാസം കൈവരിച്ച ഉൽപ്പാദനക്ഷമതയും പരിശോധിച്ച് കുറവുണ്ടെങ്കിൽ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.

5. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ കാര്യക്ഷമത കൂട്ടുന്നതിനായുള്ള പരിശീലന പരിപാടികൾ RIAB-മുഖേനയും, കമ്പനിതലത്തിലും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

6. ഓരോ വർഷത്തേയും പ്രവർത്തനം സംബന്ധിച്ച് ബഡ്ജറ്റും പദ്ധതിയും നേരത്തെ തയ്യാറാക്കുന്നു. അത് കൈവരിക്കുന്നതിന്റെ പുരോഗതി മാസാമാസം അവലോകനം നടത്തുകയും ചെയ്യുന്നു.

7. ഉൽപ്പാദനക്ഷമതയും, ഉൽപ്പന്നങ്ങളുടെ ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിന് തൊഴിലാളി സംഘടനകളുമായി കരാറുണ്ടാക്കുവാൻ മാനേജ്മെന്റ് തലത്തിൽ നടപടികൾ സ്വീകരിച്ചു.

8. കമ്പനികളിലെ ഇന്റേണൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിനു വേണ്ടി സർക്കാർ RIAB മുഖേന ചാർട്ടേർഡ് അക്കൗണ്ടന്റ്സിന്റെ ഒരു പാനൽ തയ്യാറാക്കി അംഗീകരിക്കുകയും സ്ഥാപനങ്ങളോട് ഈ പാനലിൽ നിന്നു മാത്രമേ ഇന്റേണൽ ഓഡിറ്റേഴ്സിനെ നിയമിക്കാവൂയെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.

9. നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്ക്കരണം, വിപണന സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ എന്നീ നടപടികളിലൂടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളും സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly







**അനുബന്ധം III**

[22-2-2011-ലെ വാങ്മൂലം ഉത്തരം നൽകിയ ചോദ്യം നമ്പർ *243 കാണുക]

DETAILS OF WAGE REVISION / INTERIM RELIEF IN PSU s UNDER INDUSTRIES DEPARTMENT FROM 2006-07

| Sl. No. | Companies | Wage Revision Agreed/ Implemented | Interrim Relief/ Incentive/Advance | Remarks |
|---|---|---|---|---|
| | **CHEMICAL** | | | |
| 1 | KeralaStateDrug& Pharmaceuticals Ltd | Nil | ₹ 1000 | Increase of 25% (including HRA was decided in LTA meeting. File being processed. |
| 2 | Malabar Cements Ltd. | Officers-15% (Nov 8) Wage revision is as per Cement Wage Board Awards/Settlement | Nil | Wage revision for officers implemented during November 2008 ₹ 6500 given to workers as 'Adhoc payment' dutring 2008-09 |
| 3 | The Kerala Minerals and Metals Ltd. | 22% increase for workers (June 2009). 20% Increase for officers (31-3-2010) | Nil | ... |

LIBRARY ARCHIVES Kerala Legislative Assembly

| | | | | |
|---|---|---|---|---|
| 4 | The Travancore Cements Ltd | Nil | ₹ 750 per employees to both workers and staff since July 08 | Proposal for wage reviosion of non-managerial staff is under examination. LTA Agreed. |
| 5 | Travancore Titanium Product Ltd. | 21% to workers | Nil | |
| 6 | Travancore-Cochin Chemicals Ltd. | Increase of 21% for workers (Mar 2007). Increase of 26% for officers in Feb 2009 | Nil | |
| | **Ceramics & Refractories** | | | |
| 7 | Kerala Clays & Ceramic Products Ltd. | Increase in BP from ₹ 70 to 2610 for all workers by merging Fixed DA into Basic pay with an increase of 22% of the salary drawn on 31-12-2008 27% Increase on salary drawn on 31-12-2008 for staff | 20% for Officers | Amount given as inerim rlief. Proposal for officers is pending consideration of Government |
| 8 | The Kerala Ceramics Ltd. | 20% increase for workers Managers as per pay commission report | Nil | Wage revision for employees disbursed w.e.f.2006-07 during 2007-08 and for managers w.e.f.from 1-2-200 |
| | **ELECTRICAL EQUIPMENT** | | | |
| 9 | Kerala Electrical & Allied Engineering Company Ltd. | 16% Increase for all | | LTA Agreed. |
| 10 | Traco Cable Company Ltd. | Wage Revision for workers implemented in January 2010 | ₹ 650 per head to employees | Wage revision for executives is under consideration of Government. |

LIBRARY ARCHIVES Kerala Legislative Assembly



| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 11 | Transformers and ELectricals Kerala Ltd. | 21.65% workers & 19.39%-executives | Nil | Implemented in 2006-07 |
| 12 | United Electricals Industris Ltd. | 15 to 20% of increase for workers | 10% to 15% (₹ 800-₹1000) for officers | |
| | **Electronics** | | | |
| 13 | Keltron Component Complex Ltd. | increased 30% of salary Drawn | | payment made w.e.f. Dec.09 to all employees. |
| 14 | Keltron Electro Ceramics Ltd. | | | |
| 15 | Kerala State Electronic Development Corp Engineering | | | |
| 16 | Autokast Ltd. | 15% increase with effect from 1-4-2010 | Nil | Based on an agreement signed in presence of Labour Commission 15% of increase in salary will be given from 1-4-2010 |
| 17 | Kerala Automobiles Ltd | Fixed for offiers based on an Increase by 15% of salary drawn on 1-3-2010 | Nil | ... |

LIBRARY ARCHIVES Kerala Legislative Assembly



| | | | | |
|---|---|---|---|---|
| 18 | Steel and Industrial Forgins | Nil | Nil | Proposal with increase of 15% +6% fitment is under consideration of Government. |
| 19 | Steel Complex Ltd. | 20% increase | Nil | ₹ 2500 paid as recoverable advancew.e.f. 1-4-09 for workers and ₹ 4000 for executives w.e.f. 1-1-2010. |
| 20 | Steel Industrials Kerala Ltd. | ₹ 1000-₹ 1250 plus the 15% of salary drawn on April 2009 on adhoc basis for workers. | ₹ 1000-₹ 1250 for officers | Released as incense in 2007-08 ₹1250 for employees having more than 20yrs experience ₹1000 for employees having less than 20 yrs experience LT agreement of workers is signed |
| 21 | The Metal Industries Ltd. | 20% increase | | |
| | **Textiles** | | | |
| 22 | Alleppey Co-operative spinning Mills | Nil | ₹ 750 per employee | Given as interim relief only in January2009 and February 2009 |

LIBRARY ARCHIVES Kerala Legislative Assembly



| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 23 | Kerala State Textile Corporation Ltd. | Nil | ₹ 400(IR)+ ₹ 350 (attendance incentive) | Edarikkade Textiles-for workers -wage increase INR-750 effect from APR 2006, for Office staff INR-1100 effect from July 2006. Prabhuram-IR ₹ 600- and incentive of ₹350- Kottayam Textiles interim Rlief 8/08 |
| | s | | | |
| 24 | Sitaram Textiles Ltd. | Nil | From May 2006 ₹300 as Interim Relief From August 2008 ₹400 as Interim Relief From August 2008 ₹350 as Attendance Incentive | |
| 25 | The Cannannore Co-op. Spinning Mills Ltd. | Nil | interim relief ₹ 750 to the workers w.e.f. 1-1-2009 | ₹ 400 (treating part of wages) ₹ 350(connected with attendance and productivity) |
| 26 | The Malappuram Co- operative Spinning Mills Ltd. | Nil | ₹ 750 per-employee 2008-09 and 2009-10. | ₹ 400 an Interim relief for attendance 20 and above. If attendence is below 20, ₹ 20 per attendance will be given. ₹ 350 eligible only for 20 attendace and above |

LIBRARY ARCHIVES Kerala Legislative Assembly



| | | | | |
|---|---|---|---|---|
| 27 | The Quilon Co-operative Spinning Mills Ltd. | Nil | Out of the above ₹ 750 all employees shall be given ₹ 400 as interim Relief and ₹ 350 as attendance during 2008-09. | |
| 28 | The Trichur Co-operative Spinning Mills Ltd. | Nil | Nil | |
| | **Traditional & Welfare** | | | |
| 29 | Handicrafts Dev. Corp. (Kerala) Ltd. | Nil | Nil | |
| 30 | Hantex | Increased 20% of total wages | Nil | For workers in Cannannore Weave Factory and Trivandrum Weave Factory (2009 August) |
| 31 | Kelpam | Nil | Nil | |
| 32 | Kerala State Bamboo Corporation Ltd. | 11.5% increase (1-2-2006 - 30-6-2007) 12% increase (from 1-7-2007) for workers | 10% of Gross salary from April 10 for staff | |
| 33 | Kerala State Handloom Dev Corp Ltd | Nil | Nil | |
| | **Wood & Agrobased** | | | |
| 34 | Forest Industries (Travancore) Ltd. | Nil | Nil | Production incentive given to all. |